

ാംഘടിപ്പിച്ച എനർജിയ സീസൺ 2ൽനിന്ന്

# വൈ.എം എനർജിയ അരങ്ങേറി

രത്തിൽ 15 ടീമുകൾ മാറ്റുരച്ചപ്പോൾ ജൂനിയർ വിഭാഗത്തിൽ ക്രൗൺ ഗൈസ് കുവൈത്തും സീനിയർ വിഭാഗത്തിൽ ഡേസ് കുവൈത്തും ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഗായിക ചന്ദ്രലേഖ വിശിഷ്ടാതിഥിയായിരുന്നു.

ജേതാക്കൾക്കുള്ള സമ്മാനങ്ങൾ തോമസ് കെ. തോമസ്, ഷറഫുദ്ദീൻ കണ്ണേത്ത്, ചെസിൽ രാമപുരം, നിക്സൺ ജോർജ്, വഞ്ജിത് പിള്ള, സോണി സെബാസ്റ്റ്യൻ, ലുക്മാൻ അലവി എന്നിവർ വിതരണം ചെയ്തു. ചന്ദ്രലേഖയുടെയും ഡിലൈറ്റ് മ്യൂസിക്കിൻെറയും ഗാനമേള പരിപാടിക്ക് മാറ്റുകൂട്ടി.

ിനായി ദാർ അൽ സഹ പോളിക്ലിനിക്ക്,
ലെ പ്രത്യേക ഓഫറുകൾ ആസ്വദിക്കൂ
FREE For file opening
FREE For follow up consultation within 1 WEEK
UPTO 50% OFF For follow up consultation within 1 MONTH
rd holders
Special Offers
GENERAL / FAMILY MEDICINE (for adults & children) KD 4
DERMATOLOGY/ PAIN CLINIC KD 5
X-RAY only KD 7
ULTRASOUND (Sonar) starts from KD 8
Clinic timing : 8:00 am - 10:00 pm & Lab open at 6:30 am
Abbassiya (Jleeb Al Shuyoukh)
Near Bhavan's School
Opp. Jleeb Fire Station, Kuwait
Phone : 24 3333 54 / 996 997 10
Email : info@daspkuwait.com
Follow us on:
nd your family!
ait.com
A Virtus Group Company

## നമസ്കാര സമയം

| | | | |
|---|---|---|---|
| സുബ്ഹി | 4.54 | അസർ | 3.19 |
| ഉദയം | 6.17 | മഗ്രിബ് | 4.58 |
| ളുഹ്ർ | 12.00 | ഇശാ | 7.04 |

| വിനിമയ നിരക്ക് | ഡ്രാഫ്റ്റ് | ഡോർ ടു ഡോർ |
|---|---|---|
| 1000 രൂപക്ക് | 4.540 ദീനാർ | 4.550 ദീനാർ |

gulfmart

# സാദിഖിൻെറ കുടുംബത്തിന് ഒരുമ സഹായം കൈമാറി

**കുവൈത്ത് സിറ്റി:** ഹൃദയാഘാതം മൂലം കഴിഞ്ഞ മാസം കുവൈത്തിൽ മരണപ്പെട്ട എറണാകുളം ആലുവ സ്വദേശി വെളിയത്തുനാട് ചട്ടംകുളത്ത് ആലിക്കുട്ടിയുടെ മകൻ സി.എ. സാദിഖിൻെറ കുടുംബത്തിന് കെ.ഐ.ജിക്കുകീഴിലെ ഒരുമ സാമൂഹ്യക്ഷേമ പദ്ധതിയുടെ സഹായധനം കൈമാറി.

ഒരുമ പദ്ധതിയിൽ അംഗമാവുന്നവർ മരിച്ചാൽ അവർ നിർദേശിച്ച വ്യക്തിക്ക് നൽകുന്ന സംഖ്യയായ രണ്ട് ലക്ഷം രൂപയുടെ ഡ്രാഫ്റ്റാണ് കൈമാറിയത്. എം.കെ. ഷംസുദ്ദീൻ മന്നം, അബ്ദുറഹ്മാൻ കോട്ടപ്പുറം (ജമാഅത്തെ ഇസ്ലാമി), ഷെഫീഖ് കരിങ്ങാംതുരുത്ത് (സോളിഡാരിറ്റി), അബ്ദുൽകരിം, മുഹമ്മദലി പൊന്നാനി, തൻസീർ മാളികംപീടിക, അബ്ദുൽലത്തീഫ് വെളിയത്തുനാട് (വെൽഫെയർ പാർട്ടി) തുടങ്ങിയവർ സംബന്ധിച്ചു.

അര ദീനാർ രജിസ്ട്രേഷൻ ഫീസും ഒരു ദീനാർ വാർഷിക വരിസംഖ്യയും നൽകി അംഗമാകുന്നവർ മരണപ്പെട്ടാൽ അവർ നിർദേശിച്ച വ്യക്തിക്ക് രണ്ട് ലക്ഷം രൂപയും ഒരു വർഷത്തിലധികം തുടർച്ചയായി അംഗമായി തുടരുന്നവർക്ക് മൂന്ന് ലക്ഷം രൂപയും നൽകുന്നതാണ് പദ്ധതി. കൂടുതൽ വിവരങ്ങൾക്ക് 97939049 എന്ന നമ്പറിൽ ബന്ധപ്പെടുകയോ www.orumakuwait.com എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യാവുന്നതാണ്.

# ഫൈലകയിലെ നീല തിമിംഗലത്തിൻെറ സേമ്പിളുകൾ പരിശോധനക്കെടുത്തു

**കുവൈത്ത് സിറ്റി:** കഴിഞ്ഞ ദിവസം ഫൈലക ദ്വീപിലെ കടലോരത്ത് ചത്തടഞ്ഞ നീല തിമിംഗലത്തിൻെറ ശരീരഭാഗങ്ങളിൽനിന്ന് പരിശോധനകൾക്കായി അധികൃതർ സേമ്പിളുകളെടുത്തു. കുവൈത്ത് പരിസ്ഥിതി സംരക്ഷണ അതോറിറ്റിയും കുവൈത്ത് സ്പോർട്സ് ക്ലബിലെ മുങ്ങൽ വിഭാഗവുമാണ് ചത്ത തിമിംഗലം ഏതു വിഭാഗത്തിൽ പെട്ടതാണെന്നും അതിന്ജീവൻ നഷ്ടപ്പെടാനുണ്ടായ കാരണം എന്താണെന്നും കണ്ടെത്താനുള്ള തുടർ നടപടികൾ കൈകൊണ്ടുവരുന്നത്.

കഴിഞ്ഞ ദിവസമാണ് ഇന്ത്യൻ മഹാസമുദ്രത്തിൽനിന്ന് ഗൾഫ് കടലിടുക്കിലേക്ക് പ്രവേശിച്ചതെന്ന് കരുതപ്പെടുന്ന നീല തിമിംഗലം ഫൈലകയിൽ ചത്തടഞ്ഞത്. ആവാസ വ്യവസ്ഥയോട് യോജിക്കാത്ത ജലാശയത്തിൽ പിടിച്ചുനിൽക്കാൻ സാധിക്കാതെയോ സഞ്ചാരത്തിനിടെ വല്ല കപ്പലുമായി കൂട്ടിയിടിച്ചോ ആവാം തിമിംഗലം ചത്തതെന്നായിരുന്നു പ്രാഥമിക നിഗമനം.

ഇത്തരം തിമിംഗലങ്ങൾ ഗൾഫ് കടലിടുക്കിൽ കാണാറില്ലെന്നും ഇന്ത്യൻ മഹാസമുദ്രത്തിൽനിന്ന് കൂട്ടംതെറ്റി എത്തിയതാവാമെന്നുമാണ് നിഗമനം. ശരീര ഭാഗങ്ങളുടെ സേമ്പിൾ പരിശോധന പൂർത്തിയാകുന്നതോടെ തിമിംഗലത്തിന് ജീവൻ നഷ്ടപ്പെടാനുള്ള യഥാർഥ കാരണം കണ്ടെത്താനാകുമെന്ന് അധികൃതർ പ്രതീക്ഷ പുലർത്തി.

# മിഷ്രിഫിൽ ശ്വാന പ്രദർശനം അരങ്ങേറി

**കുവൈത്ത് സിറ്റി:** വ്യത്യസ്ത ഇനം നായകളെ പങ്കെടുപ്പിച്ചുകൊണ്ട് മിഷ്രിഫിലെ ഇൻറർനാഷണൽ എക്സിബിഷൻ ഗ്രൗണ്ടിൽ നടന്ന ശ്വാന പ്രദർശനം കൗതുകമായി. ബിറ്റ് പ്ലാൻറ് എന്ന കമ്പനിയുടെ ആഭിമുഖ്യത്തിൽ കഴിഞ്ഞ ദിവസം അരങ്ങേറിയ ശ്വാന പ്രദർശനത്തിൽ ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽനിന്നുള്ള 200 ഓളം നായകൾ പങ്കെടുത്തു. നായകളുടെ ആകാര ഭംഗി, വാലിൻെറ ഘടന, നടത്തം, അനുസരണം, ആക്രമണ ശേഷി, ബുദ്ധി വൈഭവം തുടങ്ങിയ കാര്യങ്ങളിലെ മികവാണ് മൽസരത്തിൽ പരീക്ഷിക്കപ്പെട്ടത്.

കുവൈത്തിനെ കൂടാതെ വിവിധ ജി.സി.സി രാജ്യങ്ങളിൽനിന്നും ഈജിപ്തിൽനിന്നും ശ്വാന പ്രേമികൾ നായകളുമായി പ്രദർശനത്തിനെത്തിയിരുന്നു. വിജയികളായ നായകൾക്ക് വിലയേറിയ മെഡലുകൾ അണിയിക്കുകയും മുന്തിയ ഭക്ഷണം വിളമ്പുകയും ചെയ്തു.



*കഴിഞ്ഞ ദിവസം മിഷ്രിഫ് ഇൻറർനാഷണൽ എക്സിബിഷൻ ഗ്രൗണ്ടിൽ നടന്ന ശ്വാന പ്രദർശനത്തിൽനിന്ന്*